കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# വന്യപക്ഷിമൃഗ സംരക്ഷണ ആക്ററ്, 1912

(1912-ലെ 8-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വന്യപക്ഷി മൃഗ സംരക്ഷണ ആക്റ്റ്; 1912

(1912-ലെ 8-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# വന്യപക്ഷി മൃഗ സംരക്ഷണ ആക്ററ്, 1912

(1912-ലെ 8-ാം നമ്പർ ആക്ററ്)

## ചില വന്യപക്ഷികളുടേയും വന്യമൃഗങ്ങളുടേയും സംരക്ഷണത്തിനും നിലനിറുത്തലിനും കൂടുതൽ മെച്ചപ്പെട്ട വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ആക്ററ്

[1912 സെപ്ററംബർ, 18]

ചില വന്യപക്ഷികളുടേയും വന്യമൃഗങ്ങളുടേയും സംരക്ഷണത്തിനും നിലനിറുത്തലിനും കൂടുതൽ മെച്ചപ്പെട്ട വ്യവസ്ഥ ഉണ്ടാക്കുന്നത് സമീചീനമായിരിക്കുകയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമംചെയ്തിരിക്കുന്നു:

1 ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്ററിന്, വന്യപക്ഷി മൃഗസംരക്ഷണ ആക്ററ്, 1912 എന്ന് പേർ പറയാവുന്നതും;

(2) ഇത് 1956 നവമ്പർ ഒന്നാം ദിവസത്തിനുതൊട്ടുമുമ്പ് ഖ ഭാഗം സ്റേററുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങളൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും ആകുന്നു.

2. ആക്ററിൻെറ ബാധകത.— (1) ഈ ആക്ററ്, ആദ്യമായി, പട്ടികയിൽ വിനിർദ്ദേശിക്കുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും, അവയുടെ വന്യാവസ്ഥയിൽ ബാധകമായിരിക്കുന്നതാണ്.

(2) സ്റേററ് ഗവൺമെൻറിന് അതിൻെറ അഭിപ്രായത്തിൽ, സംരക്ഷിക്കുകയോ നിലനിറുത്തുകയോ ചെയ്യുന്നത് അഭിലഷണീയമായതും പട്ടികയിൽ വിനിർദ്ദേശിക്കുന്നതല്ലാത്തതുമായ ഏതെങ്കിലും തരം വന്യപക്ഷിക്കോ വന്യമൃഗത്തിനോ ഈ ആക്ററിലെ വ്യവസ്ഥകൾ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ബാധകമാക്കാവുന്നതാണ്.

3. വിലക്കുകാലം.— സ്റേററ് ഗവൺമെൻറിന്, അതിൻെറ രാജ്യക്ഷേത്രത്തിൽ മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗത്തോ ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും തരം വന്യപക്ഷിക്കോ വന്യമൃഗത്തിനോ അല്ലെങ്കിൽ ആ തരത്തിലുള്ള പെണ്ണോ, വളർച്ചയെത്താത്തതോ ആയ വന്യപക്ഷിക്കോ വന്യമൃഗത്തിനോ വർഷം മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ വിലക്കു കാലമാണെന്ന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി പ്രഖ്യാപിക്കാവുന്നതാണ്; ഇതിൽ ഇതിനുശേഷം അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള വിലക്കു കാലത്തും, അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പ്രദേശങ്ങൾക്കുള്ളിലും,—

(ക) അങ്ങനെയുള്ള ഏതെങ്കിലും പക്ഷിയേയോ മൃഗത്തേയോ പിടിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള വിലക്കു കാലത്തിൻെറ പ്രാരംഭത്തിന് മുമ്പു പിടിച്ചിട്ടില്ലാത്ത ഏതെങ്കിലും പക്ഷിയേയോ മൃഗത്തേയോ കൊല്ലുന്നതോ ;

(ഖ) അങ്ങനെയുള്ള വിലക്കു കാലത്തിന്റെ പ്രാരംഭത്തിനു മുൻപ് പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും പക്ഷിയേയോ മൃഗത്തേയോ, അല്ലെങ്കിൽ അതിന്റെ മാംസമോ, വില്ക്കുന്നതോ വാങ്ങുന്നതോ, അല്ലെങ്കിൽ വില്ക്കാനോ വാങ്ങാനോ ആഫർ ചെയ്യുന്നതോ അല്ലെങ്കിൽ കൈവശം വയ്ക്കുന്നതോ ;

(ഗ) അങ്ങനെയുള്ള വിലക്കുകാലത്ത്, പിടിയ്ക്കപ്പെട്ടതോ കൊല്ലപ്പെട്ടതോ ആയ ഏതെങ്കിലും പക്ഷിയിൽ നിന്ന് ഏതെങ്കിലും തൂവൽ എടുത്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള തൂവൽ വില്ക്കുന്നതോ വാങ്ങുന്നതോ അല്ലെങ്കിൽ വില്ക്കാനോ വാങ്ങാനോ ഓഫർ ചെയ്യുന്നതോ അല്ലെങ്കിൽ കൈവശം വയ്ക്കുന്നതോ ;

നിയമവിരുദ്ധമായിരിക്കുന്നതാണ്.

4. <u>ദണ്ഡനങ്ങൾ</u>:— (1) 3-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, അമ്പതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലെ ഒരു കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കെ, അതിൻകീഴിൽ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും പിന്നീടുള്ള ഓരോ കുററസ്ഥാപനത്തിൻമേലും ഒരു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, നൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

5. <u>കണ്ടുകെട്ടൽ</u>.— (1) ഏതെങ്കിലും ആൾ ഈ അക്ററിൻകീഴിൽ ശിക്ഷിക്കപ്പെടേണ്ട ഏതെങ്കിലും കുററത്തിനു കുററസ്ഥാപനം ചെയ്യപ്പെടുമ്പോൾ, കുററസ്ഥാപനം ചെയ്യുന്ന മജിസ്ട്രേററിന്, ആ കുററം ചെയ്യുന്നത് ഏതൊരു പക്ഷിയേയോ മൃഗത്തേയോ സംബന്ധിച്ചാണോ, ആ പക്ഷിയേയോ മൃഗത്തേയോ അതിന്റെ മാംസമോ മറേറതെങ്കിലും ഭാഗമോ കണ്ടുകെട്ടപ്പെടുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കണ്ടുകെട്ടൽ അങ്ങനെയുള്ള കുററത്തിന്, 4-ാം വകുപ്പു വ്യവസ്ഥ ചെയ്യുന്ന മററു ശിക്ഷയ്ക്കു പുറമെ ആയിരിക്കുന്നതാണ്.

6. <u>കുററങ്ങൾ നടപടിക്കെടുക്കൽ</u>.— പ്രസിഡൻസി മജിസ്ട്രേററിനോ, രണ്ടാം ക്ലാസ് മജിസ്ട്രേററിനോ കോടതിയ്ക്കു താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിനെതിരായുള്ള ഏതെങ്കിലും കുററം, വിചാരണ ചെയ്യാൻ പാടുള്ളതല്ല.

7. <u>ഒഴിവാക്കൽ നല്കാനുള്ള അധികാരം</u>:— നിയമവിരുദ്ധമാണെന്ന് 3-ാം വകുപ്പ് പ്രഖ്യാപിക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യാൻ ലൈസൻസ് ധാരകന് അവകാശമുണ്ടാക്കുന്നതും, സ്റേററ് ഗവൺമെൻറ് ചുമത്തുന്ന നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായുള്ളതുമായ ഒരു ലൈസൻസ്, ഏതെങ്കിലും ആൾക്ക് നല്കുകയെന്ന മാർഗ്ഗം, ശാസ്ത്രീയ ഗവേഷണത്തിന്റെ താത്പര്യത്തിന് അഭിലഷണീയമാണെന്ന് അഭിപ്രായമുണ്ടെങ്കിൽ സ്റേററ് ഗവൺമെൻറിന്, അപ്രകാരം ചെയ്യാവുന്നതാണ്.

8. <u>ഒഴിവാക്കലുകൾ</u>.— ഈ ആക്ററിലെ യാതൊന്നും, തന്റേയോ മറേറതെങ്കിലും ആളുടെയോ പ്രതിരക്ഷക്കായി ഏതെങ്കിലും ആൾ ഏതെങ്കിലും

വന്യമൃഗത്തെ പിടിക്കുകയോ കൊല്ലുകയോ, ചെയ്യുന്നതിനോ അല്ലെങ്കിൽ വസ്തുവിന്റെ ഉത്തമവിശ്വാസപൂർവ്വകമായ പ്രതിരക്ഷക്കായി ഏതെങ്കിലും വന്യപക്ഷിയേയോ വന്യമൃഗത്തെയൊ പിടിക്കുകയോ കൊല്ലുകയോ ചെയ്യുന്നതിനൊ ബാധകമാകുന്നതായി കരുതപ്പെടുന്നതല്ല.

9. റദ്ദാക്കൽ.— രണ്ടാം റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ്, 1914 (1914-ലെ 17) 3-ാം വകുപ്പിനാലും II-ാം പട്ടികയാലും റദ്ദുചെയ്യപ്പെട്ടു.

പട്ടിക

(i) ബസ്റ്റർഡുകൾ, താറാവുകൾ, ഫ്ളോറിക്കനുകൾ, കാട്ടുകോഴി, തിത്തിരിപക്ഷികൾ, മയിലുകൾ, വാൻകോഴികൾ, പ്രാവുകൾ, കാടപക്ഷികൾ, സാൻഡ്ഗ്രൗസുകൾ, പെയിന്റഡ് സ്നൈപു, സ്പർഫൗൾ, വുഡ്കാക്ക്, കൊക്കുകൾ, എഗ്രറ്റ്, റോളറുകൾ, മീൻകൊത്തികൾ.

(ii) മറിമാൻ, കഴുതകൾ, കാട്ടി, പോത്തുകൾ, മാൻ ഗേസലുകൾ, കോലാടുകൾ, മുയലുകൾ, കാളകൾ, കണ്ടാമൃഗങ്ങൾ, ചെമ്മരിയാടുകൾ,